**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ - ശ്രീ.കെ. വിജയന്റെ പെൻഷൻ കുടിശ്ശിക അനുവദിച്ച്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ(പെൻഷൻ-എ) വകുപ്പ്**

**സ.ഉ(സാധാ) നം.1937/2018/ധന** **തിരുവനന്തപുരം,തീയതി:13.03.2018**

---

പരാമർശം : (1) ശ്രീ.കെ. വിജയന്റെ 18.07.2017-ലെ അപേക്ഷ.
(2) അക്കൗണ്ടന്റ് ജനറലിന്റെ 14.03.2017-ലെ പി.12/2101535103/പി.11/1/1015247539 നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട് കത്ത്.
(3) പി.പി.ഒ. നമ്പർ 111692900.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വർക്കല കൃഷി ഭവനിൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയിൽ 31.03.2010-ൽ വിരമിച്ച തന്റെ 01.04.2010 മുതൽ 31.12.2014 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന് ശ്രീ.കെ. വിജയൻ പരാമർശം (1 ) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പെൻഷൻ അപേക്ഷ നൽകുന്നതിന് ശ്രീ.കെ. വിജയന്റെ ഭാഗത്ത് കാലതാമസം ഉണ്ടായിട്ടില്ലെന്നും ഭരണപരമായ കാലതാമസമാണ് ഇക്കാര്യത്തിൽ ഉണ്ടായതെന്നും ഭരണ വകുപ്പ് അറിയിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ശ്രീ.കെ. വിജയന് 01.04.2010 മുതൽ 31.12.2014 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-101-99" പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ)കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കാർഷിക വികസന കാർഷിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
5. ട്രഷറി ഓഫീസർ, സബ് ട്രഷറി, അടൂർ
6. വിജയൻ.കെ., തെക്കുംചേരിൽ, കുന്നത്തൂർ വെസ്റ്റ് കുന്നത്തൂർ വില്ലേജ്, മനമ്പുഴ.പി.ഒ, കൊല്ലം
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E. 624006)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ